## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.272 — 09.06.2014 ൽ മറുപടിയ്ക്ക്

### ഇടുക്കി ജില്ലയിൽ അതിർത്തി നിർണ്ണയ മാപ്പ് തയ്യാറാക്കൽ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഇടുക്കി ജില്ലയിലെ പരിസ്ഥിതിലോല മേഖല നിശ്ചയിക്കാനുള്ള അതിർത്തി നിർണ്ണയ മാപ്പ് (കഡസ്ട്രൽ മാപ്പ്) തയ്യാറാക്കൽ നടപടി നിർത്തിവെക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുകയുണ്ടായോ; | (എ) ഇല്ല. |
| (ബി) കൃഷിഭൂമി, തോട്ടം മേഖല, ജനവാസകേന്ദ്രങ്ങൾ തുടങ്ങിയവ നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗരേഖ ആധികാരികമാക്കാതെയുള്ള കഡസ്ട്രൽ മാപ്പിംഗിൽ കൃഷിക്കാരാകെ പ്രക്ഷുബ്ധരാണെന്ന കാര്യം സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ കേരള കർഷക സംഘം സമർപ്പിച്ച നിവേദനത്തിലുന്നയിച്ച സംഗതികൾ പരിശോധിക്കുകയുണ്ടായോ; | (ബി) നിലവിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ലാന്റ് സർവ്വേ വിവരങ്ങൾ അടങ്ങുന്ന ആധികാരികമായ രേഖയാണ് കഡസ്ട്രൽ മാപ്പ്. ആ മാപ്പിലാണ് കൃഷിഭൂമി, തോട്ടം, ജനവാസ മേഖല എന്നിവ രേഖപ്പെടുത്തിയിരിക്കുന്നത്. |
| (സി) അശാസ്ത്രീയമായ സമീപനം മാറ്റി ശാസ്ത്രീയവും സമഗ്രവുമായ നിലയിൽ കഡസ്ട്രൽ മാപ്പ് തയ്യാറാക്കാൻ സർക്കാർ തയ്യാറാകുമോ? | (സി) പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ഫോറസ്റ്റ് ഓഫീസർ, വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരടങ്ങിയ അഞ്ചംഗ പഞ്ചായത്ത്തല കമ്മിറ്റിയാണ് കേന്ദ്ര സർക്കാരിന്റെ കരട് വിജ്ഞാപനത്തിനും ESA സംബന്ധിച്ച മാനദണ്ഡങ്ങൾക്കും അനുസൃതമായി വില്ലേജിലുള്ള |

റവന്യൂ രേഖകളുടെയും പരിസ്ഥിതിലോല പ്രദേശങ്ങളുടെ തൽസ്ഥിതിയും കണക്കിലെടുത്ത് കഡസ്ട്രൽ മാപ്പിലാക്കിയത്. ഇങ്ങനെ പ്രസിദ്ധീകരിക്കപ്പെട്ട കഡസ്ട്രൽ ഭൂപടം സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കേണ്ടത് കേന്ദ്രസർക്കാരാണ്. ഇതിനായി 2 മാസത്തെ സമയം കൂടുതൽ അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ